**കാലിക്കറ്റ് സർവകലാശാല**

നമ്പർ. 176065/CDC-A3/2025/Admn

തീയതി: 14.07.2026

**<u>സർക്കുലർ</u>**

വിഷയം:- സി.ഡി.സി. - 2026-27 അധ്യയന വർഷത്തേക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പിൻറെ 14.03.2026 തിയ്യതിയിലെ G.O.(Ms) No.203/2026/HEDN ഉത്തരവ് പ്രകാരം ഒരു കോഴ്സ് മാത്രം അനുവദിക്കപ്പെട്ട കോളേജുകളിൽ നിന്നും, ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത മറ്റു സർക്കാർ/ എയ്ഡഡ് കോളേജുകളിൽ നിന്നും, കാലിക്കറ്റ് സർവകലാശാല സ്റ്റാറ്റ്യൂട്ട് അനുസരിച്ച് അപേക്ഷകൾ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. ഉന്നത വിദ്യാഭ്യാസ വകുപ്പിൻറെ 14.03.2026 തിയ്യതിയിലെ G.O.(Ms) No.203/2026/HEDN ഉത്തരവ്.
2. സർവകലാശാല ഉത്തരവ് 7482/2026/Admn dated 20.05.2026.
3. ബഹു. ചാൻസലറുടെ ഓഫീസിൽ നിന്നുള്ള 13.07.2026 തിയ്യതിയിലെ നോട്ടിഫിക്കേഷൻ.
4. വൈസ് ചാൻസലറുടെ ഇതേ നമ്പർ ഫയലിലെ ഉത്തരവ്.

സർവ്വകലാശാലാ അനുമതിക്ക് വിധേയമായും ആദ്യ 5 വർഷം അധിക തസ്തിക സൃഷ്ടിക്കില്ല എന്ന വ്യവസ്ഥയിലും സംസ്ഥാനത്തെ 13 സർക്കാർ, എയിഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ 2026-27 അധ്യയന വർഷം മുതൽ **രണ്ടു വീതം പുതുതലമുറ കോഴ്സുകൾ** ആരംഭിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പ് സൂചന (1) പ്രകാരം അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കോളേജുകൾക്ക് പുതിയ പ്രോഗ്രാമുകൾക്ക് സർവകലാശാല സൂചന (2) പ്രകാരം പ്രൊവിഷണൽ അഫിലിയേഷൻ അനുവദിക്കുകയുണ്ടായി.

കൂടാതെ, സൂചന (1) ഉത്തരവ് പ്രകാരം ഒരു കോഴ്സ് മാത്രം അനുവദിക്കപ്പെട്ട കോളേജുകളിൽ നിന്നും, ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത മറ്റു സർക്കാർ/എയ്ഡഡ് കോളേജുകളിൽ നിന്നും, സർവകലാശാല സ്റ്റാറ്റ്യൂട്ട് അനുസരിച്ച് പുതിയ പ്രോഗ്രാമുകൾക്കുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനായി (ഡിസംബർ 31 ന് സ്റ്റാറ്റ്യൂട്ടറി തിയ്യതി അവസാനിച്ച സാഹചര്യത്തിൽ), സ്റ്റാറ്റ്യൂട്ടറി തിയ്യതി **25.07.2026 വരെ** (1975ലെ കാലിക്കറ്റ് സർവകലാശാലാ ആക്ട്, അധ്യായം VIII സെക്ഷൻ 56(2) പ്രകാരം) നീട്ടി നൽകുന്നതിനായി സൂചന 3 പ്രകാരം ചാൻസലർ ഉത്തരവായിട്ടുണ്ട്.

**ആയതിനാൽ, സൂചന (1) ഉത്തരവ് പ്രകാരം ഒരു കോഴ്സ് മാത്രം അനുവദിക്കപ്പെട്ട കോളേജുകളിൽ നിന്നും, ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത മറ്റു സർക്കാർ/എയ്ഡഡ് കോളേജുകളിൽ നിന്നും, പുതിയ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനായി സർവകലാശാല സ്റ്റാറ്റ്യൂട്ട് അനുസരിച്ച് അപേക്ഷകൾ സ്വീകരിക്കുന്നതിനായി നിർദിഷ്ട മാതൃകയിൽ അപേക്ഷകൾ ക്ഷണിക്കുന്നു (Last date: 25.07.2026) (Hard copy only).**

കോളേജുകൾ അടക്കേണ്ട ഫീസ് വിവരങ്ങൾ താഴെ നൽകുന്നു.

| Sl.No. | Item | | Amount |
|---|---|---|---|
| 1 | Cost of Application forms (All Categories)<br>(For UG & PG, separate application forms are required) | | 685/- |
| 2 | Registration fee (Per programme) | Arts & Science | 12770/- |
| | | Training / Law | 20115/- |
| | | Management | 67015/- |

**ഇതിനകം ഒന്നിലധികം പ്രോഗ്രാമുകൾക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള സർക്കാർ/എയ്ഡഡ് കോളേജുകൾക്ക് ഇപ്പോൾ അപേക്ഷിക്കാനാവില്ല. സൂചന (1) ഉത്തരവ് പ്രകാരം ഇതിനകം ഒരു കോഴ്സ് മാത്രം അനുവദിക്കപ്പെട്ട കോളേജുകൾക്ക് പുതിയ ഒരു പ്രോഗ്രാമിനു മാത്രമേ അപേക്ഷിക്കാൻ സാധിക്കുകയുള്ളൂ.**
(Enclosure: Application Forms)

UNIVERSITY OF CALICUT * CALICUT UNIVERSITY P.O., MALAPPURAM 673635

Prof.(Dr.) Sebastian C. D.
രജിസ്ട്രാർ